മിസ്റ്റർ പി. ഗോവിന്ദമേനോൻ: അനേഷിക്കാം.

മിസ്റ്റർ പി. നാരായണമേനോൻ: ഇതു് ഫെയർപ്രൈസ്സ് ഷാപ്പു മുഖാന്തിരം വില്ക്കുവാൻ അനുവാദം ചോദിച്ചിട്ടു് കൊടുക്കാതിരുന്നതായിട്ടു് അറിയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെ കൊടുക്കുകയില്ലെന്നു് ഗവമ്മെണ്ടു് ഒരു പോളസി സ്വീകരിച്ചിട്ടുണ്ടു്. കാരണം, റേഷൻ അരിയിൽക്കൂടി കളവായിട്ടു് കലർത്തികൊടുത്തെങ്കിലോയെന്നു വിചാരിച്ചിട്ടു് അതു സമ്മതിച്ചിട്ടില്ല.

മിസ്റ്റർ പി. നാരായണമേനോൻ: പിണ്ണാക്കു കച്ചവടക്കാരനു കൊടുത്തിട്ടു് അയാൾക്കു വിൽക്കാമെന്നുണ്ടെങ്കിൽ, റേഷൻ ഷാപ്പുകാരനു കൊടുക്കുന്നതിനു് എന്താണു് വിരോധം?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പിണ്ണാക്കു കച്ചവടക്കാരൻ കൃത്രിമമായിട്ടു വില്ക്കുകയില്ലെന്നുള്ള ബോദ്ധ്യത്തിന്മേലാണു് അയാൾക്കു കൊടുത്തതു്. ഇതുവരെ അയാളെ സംബന്ധിച്ചു് ആക്ഷേപം ഉണ്ടായിട്ടില്ല.

മിസ്റ്റർ പി. നാരായണമേനോൻ: ഈ മനുഷ്യനെ സംബന്ധിച്ചു് ഇങ്ങിനെ ഒരു വിശ്വാസം ഉണ്ടാകുവാൻ പ്രത്യേകം വല്ല കാരണവുമുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഗവമ്മെണ്ടിന്റെ നിലക്കു് ഇതു് ആരെയെങ്കിലും ഏല്പിക്കാതെ നിവൃത്തിയില്ല. എന്നാൽ എല്ലാവക്കും കൊടുക്കുവാൻ സാദ്ധ്യവുമല്ല. ഇയാൾക്കു് കൊടുത്തതുകൊണ്ടു് ആക്ഷേപം ഉണ്ടായതായിട്ടു് ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടില്ല.

CONTROL MEASURES—RELAXATION OF

320. Mr. M. O. Thomakutty *(Commerce and Industry):* Will Government be pleased to state.—

do the Government intend to relax the control measures except for rice and paddy from the year 1123?

Mr. P. Govinda Menon *(Minister for Food and Educotion):* Government have no such intention at present.

ARTICLE IN THE "HINDU" DATED 1st JUNE 1947

321. മിസ്റ്റർ എം. ഒ. തോമക്കുട്ടി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) ഫെബ്രുവരി ഒന്നു് ജൂൺ ഫ്രാൻസ്-യിലെ "ഹിന്ദു" പത്രത്തിൽ മദിരാശി ഗവമ്മെണ്ടു് കുപ്പൽ മുളകു വരുത്തുന്നതിനുള്ള തടസ്ഥം നീക്കിയതായി എഴുതിയിരുന്ന വിവരം ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെന്നുവരുകിൽ എന്തുകൊണ്ടാണു് അതിനെ തുടർന്നു് ഇവിടെയും നിരക്കു ചെയ്യാതെയിരുന്നതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഉണ്ടു്.

(ബി) കുപ്പൽ മുളകിന്റെ തടസ്ഥങ്ങൾ നീക്കുവാൻ വേണ്ട നടപടികൾ നടത്തിവരുന്നുണ്ടു്.

ELAMKUNNAPUZHA LOWER SECONDARY SCHOOL—RAISIG TO THE STATUS OF A HIGH SCHOOL

322. ചൌധരി ജി. എസ്സ്. ധാരാസിംഗ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ടു് ദയവായി മറുപടി പറയുമോ.—

(എ) എളങ്കുന്നപ്പുഴ ലോവർസെക്കണ്ടറി സ്കൂൾ ഒരു ഹൈസ്കൂളായി ഉയർത്തിതരണമെന്നു കാണിച്ചു സ്ഥലത്തെ പ്രജാമണ്ഡലം കമ്മിറ്റി പ്രമേയം എടുത്തു പ്രാംസു-പാസ്സാക്കി അയച്ച പ്രമേയം ഗവമ്മെണ്ടിനു ലഭിച്ചിട്ടുണ്ടോ;

(ബി) ജനങ്ങളുടെ സൌകര്യം ഓർത്തു് അതു് അടുത്തകൊല്ലം മുതൽക്കുതന്നെ ഒരു ഹൈസ്കൂളാക്കി ഉയർത്തുവാൻ വേണ്ട നടപടികൾ എടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly